Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

13.02.2026

## കാർഡിയോളജി, എമർജൻസി ക്രിട്ടിക്കൽ കെയർ :

## ജൂബിലി മിഷൻ കേരളത്തിലെ ഏറ്റവും മികച്ച ആശുപത്രി

ധനം ഹെൽത്ത് കയർ അവാർഡ് 2026–ൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഇരട്ട ബഹുമതികൾ നേടി. കേരളത്തിലെ മികച്ച കാർഡിയോളജി ആശുപത്രിയും എമർജൻസി ആന്റ് ക്രിട്ടിക്കൽ കെയർ ആശുപത്രിയുമായി സ്ഥാപനത്തെ തിരഞ്ഞെടുത്തു. കാർഡിയോളജി വിഭാഗത്തിന്റെ സമഗ്ര സേവനങ്ങളും അത്യാധുനിക ചികിത്സാ സംവിധാനങ്ങളും അടിയന്തര-ഗുരുതരാവസ്ഥ ചികിത്സയിൽ സ്ഥാപനം കൈവരിച്ച മികവും പരിഗണിച്ചാണ് പുരസ്ക്കാരങ്ങൾ സമ്മാനിച്ചത്. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, എമർജൻസി വിഭാഗം മേധാവി ഡോ. ബാബു ഉറുമീസ് പാലാട്ടി, കാർഡിയോളജി വിഭാഗം മേധാവി ഡോ. പ്രസന്ന കുമാർ എന്നിവർ ചേർന്ന് എ.എച്ച്.പി.ഐ. ഡയറക്ടർ ജനറൽ ഡോ. ഗിരിധർ ഗ്യാനിയിൽ നിന്ന് ഏറ്റുവാങ്ങി. ഈ നേട്ടം സ്ഥാപന നേതൃത്വത്തിന്റെ ദീർഘദർശനവും സമർപ്പിതരായ ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സംഘബോധത്തിന്റെ ഫലമാണെന്നും ഫാ. റെന്നി മുണ്ടൻകുരിയൻ അഭിപ്രായപ്പെട്ടു. കേരളത്തിലെ ഹൃദ്രോഗ ചികിത്സയുടേയും എമർജൻസി-ക്രിട്ടിക്കൽ കെയർ സേവനങ്ങളുടേയും മേഖലയിൽ ജൂബിലി മിഷന്റെ നേതൃസ്ഥാനം ഈ ബഹുമതി വീണ്ടും ഉറപ്പിക്കുന്നു.